**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - സർക്കാർ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനും ഒന്നിലധികം വകുപ്പുകളുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന പ്രശ്നങ്ങളിൽ സത്വര പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിവിധ സർക്കാർ പദ്ധതികളുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി (Empowered Committee of Secretaries – ECoS) – രൂപീകരിച്ച് – ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്**

സ.ഉ.(കൈ)നം.94/2026/GAD തീയതി, തിരുവനന്തപുരം, 30-07-2026

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സുപ്രധാന വികസന പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും, സംസ്ഥാനത്തിന്റെ പൊതുവായ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനും, നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിയ്ക്കുന്നതിനുമായി വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്.

2) ഓരോ വകുപ്പുകളും തങ്ങൾക്കനുവദിച്ചിട്ടുള്ള ഭരണപരമായ അധികാര പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും ഒന്നിലധികം വകുപ്പുകളുടെ സംയുക്ത തീരുമാനങ്ങൾ ആവശ്യമായി വരുമ്പോഴോ ഒരു പ്രത്യേക വകുപ്പിന്റെ മാത്രം അധികാരപരിധിയിൽ വരാത്ത വിഷയങ്ങൾ ഉയർന്ന് വരുമ്പോഴോ പദ്ധതി നടത്തിപ്പിൽ ഗുരുതരമായ കാലതാമസം നേരിടാറുണ്ട്. നിലവിലുള്ള സംവിധാനത്തിൽ പ്രധാനമായും വകുപ്പുകൾ തമ്മിലുള്ള കത്തിടപാടുകളെയും സമയാ-സമയങ്ങളിലുള്ള അവലോകന യോഗങ്ങളെയുമാണ് ആശ്രയിയ്ക്കുന്നത്. പ്രത്യേക ഏകോപന ആവശ്യങ്ങൾക്കായി എംപവേർഡ് കമ്മിറ്റികളും വകുപ്പുതല തർക്കപരിഹാര കമ്മിറ്റികളും നിലവിലുണ്ടെങ്കിലും ഏകീകൃത സ്വഭാവത്തോടെയുള്ള ഒരു സ്ഥിരം ഔദ്യോഗിക സംവിധാനത്തിന്റെ അഭാവം നിലനിൽക്കുന്നുണ്ട്. ദൈനംദിന ഭരണ നിർവ്വഹണത്തിന് മേൽപ്പറഞ്ഞ താൽക്കാലിക സംവിധാനങ്ങൾ പര്യാപ്തമാണെങ്കിലും വകുപ്പുകൾക്കിടയിലുള്ള തടസ്സങ്ങൾ വേഗത്തിൽ പരിഹരിക്കാനും സുപ്രധാനമായ

പദ്ധതികളുടെ നടത്തിപ്പ് നിരന്തരം നിരീക്ഷിക്കുവാനും സാധിക്കുന്ന ഒരു സ്ഥിരം സംവിധാനം നിലവിലില്ല.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണരംഗത്തെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, വിവിധ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സംസ്ഥാനത്തിന്റെ പൊതുവായ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പദ്ധതികളുടെ നടത്തിപ്പ് വേഗത്തിലാക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുന്നതിനും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി (Empowered Committee of Secretaries– ECoS) ചുവടെപ്പറയും പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| ചീഫ് സെക്രട്ടറി | – | ചെയർപേഴ്സൺ |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, ധനകാര്യ വകുപ്പ് | – | അംഗം |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് | – | അംഗം |
| സെക്രട്ടറി, നിയമ വകുപ്പ് | – | അംഗം |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് | – | അംഗം |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, റവന്യൂ വകുപ്പ് | – | അംഗം |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | – | അംഗം |
| പരിഗണനയിലുള്ള വിഷയവുമായി ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ/വകുപ്പുകളുടെ സെക്രട്ടറി/സെക്രട്ടറിമാർ | – | അംഗം/അംഗങ്ങൾ |
| മറ്റ് ഏതെങ്കിലും സെക്രട്ടറി / വിദഗ്ധൻ (ചീഫ് സെക്രട്ടറി നിർദ്ദേശിക്കുന്നതനുസരിച്ച്) | – | പ്രത്യേക ക്ഷണിതാവ് |

| | | |
|---|---|---|
| ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD), കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ (ചീഫ് സെക്രട്ടറിയുടെ കാര്യാലയം) | - | അംഗം & കൺവീനർ |

**a) സമിതിയുടെ ചുമതലകൾ**

സെക്രട്ടറിമാരുടെ എംപവേർഡ് കമ്മിറ്റി താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കുന്നതാണ് :

i. സർക്കാരിന്റെ മുൻഗണനാ പദ്ധതികളുടെയും അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെയും നിർവ്വഹണം ഏകോപിപ്പിക്കുക.
ii. മുൻഗണനാ പദ്ധതികളുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സമയാസമയങ്ങളിൽ അവലോകനം ചെയ്യുക.
iii. പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ, നടപടിക്രമങ്ങളിലെ കാലതാമസം, ഭരണപരമായ ബുദ്ധിമുട്ടുകൾ എന്നിവ കൃത്യമായി കണ്ടെത്തുക.
iv. ഭരണപരമായ കാര്യങ്ങളിൽ വകുപ്പുകൾക്കിടയിലുള്ള തർക്കങ്ങൾക്ക് പ്രായോഗികമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
v. ഒന്നിലധികം വകുപ്പുകൾ ഉൾപ്പെടുന്ന ഏകോപിതമായ നിർവ്വഹണ പദ്ധതികൾക്ക് അംഗീകാരം നൽകുക.
vi. പദ്ധതികളുടെ പ്രധാനഘട്ടങ്ങൾ (milestones) നിശ്ചയിക്കുകയും പദ്ധതി നടത്തിപ്പിൽ സമയക്ലിപ്തത പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
vii. ആവശ്യമായ ഘട്ടങ്ങളിൽ പദ്ധതി നിർവ്വഹണത്തിന് വർക്കിംഗ് ഗ്രൂപ്പുകൾ, ടാസ്ക് ഫോഴ്സുകൾ, അല്ലെങ്കിൽ ടെക്നിക്കൽ കമ്മിറ്റികൾ എന്നിവ രൂപീകരിക്കുക.
viii. മന്ത്രിസഭയുടെ പരിഗണനയും അംഗീകാരവും ആവശ്യമായ പൊതുവായ വിഷയങ്ങൾ ശിപാർശ ചെയ്യുക.

**b) സമിതിയുടെ അധികാരങ്ങൾ**

സെക്രട്ടറിമാരുടെ എംപവേർഡ് കമ്മിറ്റിക്ക് താഴെ പറയുന്നവയുള്ള അധികാരമുണ്ടായിരിക്കുന്നതാണ് :

i. ഏതൊരു ഭരണ വകുപ്പിൽ നിന്നും, വകുപ്പ് മേധാവിയിൽ നിന്നും റിപ്പോർട്ടുകളും വിവരങ്ങളും ആവശ്യപ്പെടുക.
ii. ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെയും വകുപ്പ് മേധാവികളുടെയും സംയുക്ത യോഗങ്ങൾ വിളിച്ചുചേർക്കുക.

iii. വകുപ്പുകൾക്കിടയിലുള്ള ഏകോപനത്തിനും പ്രശ്നപരിഹാരത്തിനും ആവശ്യമായ ഭരണപരമായ നിർദ്ദേശങ്ങൾ നൽകുക.

iv. ഒന്നിലധികം വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിന് സമയപരിധി നിശ്ചയിക്കുക.

v. ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലും മന്ത്രിസഭാ തീരുമാനങ്ങളിലുമുള്ള തുടർനടപടികൾ നിരീക്ഷിക്കുക.

4) എംപവേർഡ് കമ്മിറ്റി (Empowered Committee of Secretaries- ECoS) ഒരു ഉന്നതതല ഭരണ ഏകോപന സമിതിയായി മാത്രം പ്രവർത്തിക്കുന്നതാണ്. നിയമപരമായ ചട്ടങ്ങൾ, റൂൾസ് ഓഫ് ബിസിനസ് എന്നിവ പ്രകാരം ഭരണ വകുപ്പുകളിൽ നിക്ഷിപ്തമായിട്ടുള്ള നിയമപരവും സാമ്പത്തികപരവുമായ അധികാരങ്ങൾ വിനിയോഗിക്കുവാൻ ഈ കമ്മിറ്റിയ്ക്ക് സാധിയ്ക്കുന്നതല്ല.

5) ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന പൊതുഭരണ (കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ് ഈ കമ്മിറ്റിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും / ജില്ലാ കളക്ടർമാർക്കും.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
4. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
5. ഡയറക്ടർ, വിവര-പൊതുസമ്പർക്ക വകുപ്പ്. (പ്രസിദ്ധീകരണത്തിനായി)
6. പൊതുഭരണ (എസ്.സി.) വകുപ്പ്. (29.07.2026 ലെ ഇനം നം. 91 പ്രകാരം)
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (GAD-CPMD1/2/2026-GAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.

എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ, ചീഫ് സെക്രട്ടറിയുടെ കാര്യാലയം.

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-07-2026

ഫയൽ നം. പൊ.ഭ.വ.-സി.പി.എം.ഡി.1/2/2026/പൊ.ഭ.വ. ഇനം നം : 93

വിഷയം : പൊതുഭരണ വകുപ്പ് - മുൻഗണനാ പദ്ധതി നിർവ്വഹണത്തിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനുമായി സെക്രട്ടറിമാരുടെ ഒരു എംപവേർഡ് കമ്മിറ്റി (Empowered Committee of Secretaries) രൂപീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, പൊതുഭരണ (ഏകോപന - പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്.

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

മുൻഗണനാ പദ്ധതി നിർവ്വഹണത്തിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനുമായി സെക്രട്ടറിമാരുടെ ഒരു എംപവേർഡ് കമ്മിറ്റി (Empowered Committee of Secretaries) രൂപീകരിക്കുന്നതിനെ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

**2.** സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും പൊതുസേവനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ നയത്തിൽ വ്യക്തമാക്കിയിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമായി സർക്കാർ നിരവധി മുൻഗണനാ പദ്ധതികൾക്കും തന്ത്രപ്രധാനമായ അടിസ്ഥാനസൗകര്യ വികസനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ നിർവ്വഹണത്തിന് പലപ്പോഴും വിവിധ ഭരണ വകുപ്പുകൾ, നിയമപരമായ അധികാര സ്ഥാപനങ്ങൾ (statutory authorities), പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്തമായ ഏകോപനം ആവശ്യമായി വരുന്നു. ഓരോ വകുപ്പും തങ്ങൾക്ക് അനുവദിച്ചിട്ടുള്ള അധികാരപരിധിക്കുള്ളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, ഒന്നിലധികം വകുപ്പുകൾ തത്സമയം സംയുക്തമായി തീരുമാനമെടുക്കേണ്ടി വരുമ്പോഴോ അല്ലെങ്കിൽ ഒരു പ്രത്യേക വകുപ്പിന്റെ മാത്രം ഭരണപരിധിയിൽ വരാത്ത വിഷയങ്ങളിലോ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടാറുണ്ട്. നിലവിലുള്ള സംവിധാനങ്ങൾ പ്രധാനമായും വകുപ്പുകൾ തമ്മിലുള്ള കത്തുകൾ മുഖേനയുള്ള ആശയവിനിമയത്തെയും അവലോകന യോഗങ്ങളെയുമാണ് ആശ്രയിക്കുന്നത്. സാധാരണ ഭരണപരമായ കാര്യങ്ങൾക്ക് ഈ ക്രമീകരണങ്ങൾ മതിയാകുമെങ്കിലും, വകുപ്പുകളെ പൊതുവായി ബാധിക്കുന്ന വിഷയങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനോ പദ്ധതി നിർവ്വഹണം വ്യവസ്ഥാപിതമായി നിരീക്ഷിക്കുന്നതിനോ ഉള്ള ഒരു സംവിധാനം (structured institutional mechanism) ഇപ്പോൾ നിലവിലില്ല.

**3.** അതിനാൽ, ഏകോപിപ്പിച്ചുകൊണ്ടുള്ള തീരുമാനങ്ങളെടുക്കൽ, സമയബന്ധിതമായ പ്രശ്നപരിഹാരം, മുൻഗണനാ പദ്ധതികളുടെ തടസ്സമില്ലാത്ത നിരീക്ഷണം എന്നിവ ഉറപ്പാക്കാൻ കാര്യക്ഷമമായ ഒരു സ്ഥിരം സംവിധാനം വളരെ അത്യാവശ്യമാണ്.

**4.** ഇത്തരമൊരു സ്ഥിരം സംവിധാനത്തിന്റെ അഭാവത്തിൽ, മുൻഗണനാ വിഷയങ്ങളിലെ ഏകോപനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി സർക്കാരിലെ ഓരോ വകുപ്പുകളും പലപ്പോഴായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 2015-ൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി രൂപീകരിച്ച എംപവേഡ് കമ്മിറ്റിയും, G.O.(Ms)No.21/2021/P&ARD (തീയതി 15/9/2021) ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായി രൂപീകരിച്ച വകുപ്പുതല തർക്കപരിഹാര സമിതിയും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ, ഇത്തരത്തിൽ പരസ്പര സമാനതയുള്ള (overlapping) സമിതികൾ നിലനിൽക്കുന്നുതന്നെ ഒരു സ്ഥിരം ഏകോപന സംവിധാനത്തിന്റെ അഭാവമായി കാണേണ്ടതുണ്ട്.

**5.** താഴെപ്പറയുന്ന ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ഒരു ഫ്രെയിംവർക്കിന് സർക്കാരിലെ വിവിധ വകുപ്പുകൾ, സ്റ്റാറ്റ്യൂട്ടറി ബോഡികൾ, മറ്റ് ഏജൻസികൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ഉറപ്പാക്കാൻ സാധിക്കും.

- സർക്കാരിന്റെ വിവിധ വകുപ്പുകൾ തമ്മിലുള്ള സമഗ്രമായ ഏകോപനം ശക്തിപ്പെടുത്തുക;
- പദ്ധതി നിർവ്വഹണത്തിലെ കാലതാമസം കുറയ്ക്കുക;
- വകുപ്പുകൾ തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുക;
- തീരുമാനങ്ങളെടുക്കുന്നത് വേഗത്തിലാക്കുക;
- പദ്ധതി നിരീക്ഷണം ശക്തമാക്കുക;
- ഉത്തരവാദിത്തം വർദ്ധിപ്പിക്കുക;
- നയപരമായ വിഷയങ്ങൾ സമയബന്ധിതമായി ഉന്നതതലത്തിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നത് ഉറപ്പാക്കുക;
- സമാനതയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിവിധ സമിതികളെ ഏകീകരിച്ച് ഒറ്റ സംവിധാനമാക്കുക;
- സർക്കാരിന്റെ മുൻഗണനകളുടെ നിർവ്വഹണം മെച്ചപ്പെടുത്തുക.

**6.** സെക്രട്ടറിമാരുടെ എംപവേഡ് സമിതിയുടെ നിർദ്ദിഷ്ട ചട്ടക്കൂട് താഴെപ്പറയുംപ്രകാരമാണ് :

**<u>സമിതിയുടെ ഘടന (Composition)</u>**

**<u>ചെയർപേഴ്സൺ:</u>** ഗവൺമെന്റ് ചീഫ് സെക്രട്ടറി

**<u>അംഗങ്ങൾ:</u>**

- അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി, ധനകാര്യ വകുപ്പ്
- അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
- സെക്രട്ടറി, നിയമ വകുപ്പ്.
- അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, ഐ.ടി. വകുപ്പ്
- അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, റവന്യൂ വകുപ്പ്

- അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (LSGD)
- പരിഗണനയിലുള്ള വിഷയവുമായി ബന്ധപ്പെട്ട ഭരണ വകുപ്പിലെ സെക്രട്ടറി.
- ചീഫ് സെക്രട്ടറി ആഗ്രഹിക്കുന്ന പ്രകാരം പ്രത്യേക ക്ഷണിതാവായി പങ്കെടുക്കുന്ന മറ്റ് സെക്രട്ടറിമാർ.

**കൺവീനർ:** ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD), കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ (ചീഫ് സെക്രട്ടറിയുടെ ഓഫീസ്)

**ചുമതലകൾ (FUNCTIONS)**

1. സർക്കാരിന്റെ മുൻഗണനാ പദ്ധതികളുടെ നിർവ്വഹണം ഏകോപിപ്പിക്കുക;
2. ഭൗതികവും സാമ്പത്തികവുമായ പുരോഗതി അവലോകനം ചെയ്യുക;
3. പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ കണ്ടെത്തുക;
4. വകുപ്പുകൾ തമ്മിലുള്ള ഭരണപരമായ തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുക;
5. ഒന്നിലധികം വകുപ്പുകൾ ഉൾപ്പെടുന്ന ഏകോപിത നിർവ്വഹണ പ്ലാനുകൾക്ക് അംഗീകാരം നൽകുക;
6. പദ്ധതികളുടെ ഘട്ടങ്ങൾ (milestones) നിശ്ചയിക്കുകയും സമയപരിധികൾ അവലോകനം ചെയ്യുകയും ചെയ്യുക;
7. ആവശ്യമായ സന്ദർഭങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, ടാസ്ക് ഫോഴ്സുകൾ അല്ലെങ്കിൽ സാങ്കേതിക സമിതികൾ രൂപീകരിക്കുക;
8. മന്ത്രിസഭയുടെ പരിഗണന ആവശ്യമായ നയപരമായ കാര്യങ്ങൾ ശിപാർശ ചെയ്യുക.

**അധികാരങ്ങൾ (POWERS)**

- ഏതൊരു വകുപ്പിൽ നിന്നും വിവരങ്ങൾ ആവശ്യപ്പെടുക;
- വകുപ്പുകളുടെ സംയുക്ത യോഗങ്ങൾ വിളിച്ചുചേർക്കുക;
- വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന് ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുക;
- കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി സമയപരിധി നിശ്ചയിക്കുക;
- സർക്കാർ തീരുമാനങ്ങളിന്മേലുള്ള തുടർനടപടികളുടെ നടപ്പിലാക്കൽ നിരീക്ഷിക്കുക.

**7.** ഭരണ വകുപ്പുകളിൽ നിക്ഷിപ്തമായിട്ടുള്ള നിയമപരവും സാമ്പത്തികപരവുമായ അധികാരങ്ങൾ ഈ കമ്മിറ്റി പ്രയോഗിക്കാൻ പാടുള്ളതല്ല. ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ പ്രവർത്തിക്കുന്ന കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ (CPMD) ഈ സമിതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നതാണ്.

**8.** ഫയൽ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

**ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സെക്രട്ടറിമാരുടെ ഒരു എംപവേഡ് കമ്മിറ്റി (Empowered Committee of Secretaries) രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കാമോ ?**